Desabhimani

8 February 2016




► സിഐടിയു ജില്ലാ പ്രവർത്തക കൺവൻഷൻ സംസ്ഥാന സെക്രട്ടറി എം ചന്ദ്രൻ എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു

# മലബാർ സിമന്റ്സിൽ കരാർ തൊഴിലാളികളെ സ്ഥിരപ്പെടുത്തണം

പാലക്കാട് > മലബാർ സിമന്റ്സിലെ അഴിമതിനിയമനം അവസാനിപ്പിച്ച് കരാർതൊഴിലാളികളെ സ്ഥിരപ്പെടുത്തണമെന്ന് സിഐടിയു ജില്ലാ പ്രവർത്തക കൺവൻഷൻ ആവശ്യപ്പെട്ടു. അറുപതോളം മസ്ദൂർ, ഖലാസി തസ്തികയിലേക്കാണ് കോഴ വാങ്ങി ആളുകളെ നിയമിക്കുന്നത്. കഴിഞ്ഞ എൽഡിഎഫ് സർക്കാർ ആദിവാസികൾ ഉൾപ്പെടെ 124 കാഷ്വൽ തൊഴിലാളികളെ മസ്ദൂർ തസ്തികയിൽ സ്ഥിരപ്പെടുത്തിയിരുന്നു. അവശേഷിക്കുന്ന കരാർ തൊഴിലാളികളെ കമ്പനിയുടെ കാഷ്വൽ ലേബർപൂളിൽ നിയമിക്കാനും ലേബർ കമീഷണർ മുഖേന തൊഴിലാളി യൂണിയനുമായി കരാർ ഒപ്പിട്ടു. എന്നാൽ, പിന്നീട് അധികാരത്തിൽവന്ന യുഡിഎഫ് സർക്കാർ ഈ കരാർ നടപ്പാക്കിയില്ല. സർക്കാരിന്റെ കാലാവധി തീരാറായപ്പോൾ ധൃതിപിടിച്ച് ലക്ഷങ്ങൾ കോഴവാങ്ങി പുറമേനിന്നുള്ള ആളുകളെ നിയമിക്കുകയാണ്.

ഇതിനെതിരെ ഹൈക്കോടതിയിൽ കേസുണ്ട്. കോടതിയുടെ അനുമതി ഇല്ലാതെ ആർക്കും നിയമനഉത്തരവ് നൽകരുതെന്ന് ഇടക്കാലവിധിയുണ്ടായിട്ടും കോഴവാങ്ങി നിയമനം നടത്താൻ ഇന്റർവ്യു ആരംഭിച്ചു. ഇതിനെതിരെയാണ് സിഐടിയു ആഭിമുഖ്യത്തിൽ ഡിസംബർ 19മുതൽ കമ്പനിപ്പടിക്കൽ രാപ്പകൽ സമരംനടത്തുന്നത്. തൊഴിലാളിസമരത്തിൽ അണിനിരക്കാനും സഹായങ്ങൾ നൽകാനും ജില്ലയിലെ മുഴുവൻ തൊഴിലാളികളോടും ബഹുജനങ്ങളോടും സിഐടിയു ആവശ്യപ്പെട്ടു.

യോഗം സിഐടിയു സംസ്ഥാന സെക്രട്ടറി എം ചന്ദ്രൻ എംഎൽഎ ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് എ പ്രഭാകരൻ അധ്യക്ഷനായി. ജില്ലാ സെക്രട്ടറി പി കെ ശശി, ട്രഷറർ ടി കെ അച്യുതൻ എന്നിവർ സംസാരിച്ചു. ചുമട്, നിർമാണമേഖലകളിലെ തൊഴിൽസ്തംഭനങ്ങളെക്കുറിച്ചും പ്രക്ഷോഭങ്ങളെക്കുറിച്ചും സംസ്ഥാനകമ്മിറ്റി അംഗം എം എസ് സ്കറിയ വിശദീകരിച്ചു. മലബാർ സിമന്റ്സിലെ അഴിമതിനിയമനത്തെക്കുറിച്ച് എസ് ബി രാജു പ്രമേയം അവതരിപ്പിച്ചു. വി എ മുരുകൻ അനുശോചനപ്രമേയം അവതരിപ്പിച്ചു. എൻ ഉണ്ണികൃഷ്ണൻ നന്ദി പറഞ്ഞു.